BCDIR/820/2021-B1

I/55886/2022

<u>വാർത്താക്കുറിപ്പ്</u>

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ള ആസാദി കാ അമൃത് മഹോത്സവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്കായി 'കേരളത്തിലെ സ്വാതന്ത്ര്യ പോരാളികൾ' എന്ന വിഷയത്തിൽ കാരിക്കേച്ചർ, പെയിന്റിങ് മത്സരവും, 'കേരള നവോത്ഥാനം- സ്വാതന്ത്ര്യ സമര പശ്ചാത്തലത്തിൽ' എന്ന വിഷയത്തിൽ പ്രബന്ധ മത്സരവും പിന്നാക്ക വിഭാഗ വികസന വകുപ്പ് സംഘടിപ്പിക്കുന്നു. ടി വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള കാരിക്കേച്ചർ, പെയിന്റിങ്, പ്രബന്ധം എന്നീ രചനകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ തിരുവനന്തപുരത്തുള്ള വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 31.08.2022 വൈകുന്നേരം 5 മണിയ്ക്കു മുമ്പായി ലഭ്യമാക്കേണ്ടതാണ്. വൈകി ലഭിക്കുന്ന രചനകൾ സ്വീകരിക്കുന്നതല്ല. വിജയികളെ തീരുമാനിക്കുന്നതിൽ വകുപ്പിന്റെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് www.bcdd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഫോൺ നമ്പർ

വകുപ്പ് ഡയറക്ടറേറ്റ് - 0471-2727378, 2727379

കൊല്ലം മേഖലാ ആഫീസ് - 0474-2914417

എറണാകുളം മേഖലാ ആഫീസ് - 0484-2429130

പാലക്കാട് മേഖലാ ആഫീസ് - 0491-2505663

കോഴിക്കോട് മേഖലാ ആഫീസ് - 0495-2377786

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് * തിരുവനന്തപുരം-3 *

(ഒപ്പ്)

ഡയറക്ടർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

I/55884/2022

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

**BCDIR/820/2021/B1** തീയതി :17-08-2022

ഭരണഭാഷ – മാതൃഭാഷ

<u>കാരിക്കേച്ചർ, പെയിന്റിംഗ്, പ്രബന്ധ മൽസരം</u>

<u>നിബന്ധനകൾ</u>

A. മത്സരാർത്ഥികൾ സംസ്ഥാനത്തെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആയിരിക്കണം. ആയത് സംബന്ധിച്ച് പഠിക്കുന്ന കോളേജിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം.
B. മത്സരാർത്ഥികൾ കേരളീയരായിരിക്കണം.
C. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും
D. കാരിക്കേച്ചർ, പെയിന്റിംഗ് മത്സരം, പ്രബന്ധ രചനാ മത്സരം എന്നീ രണ്ട് വിഭാഗങ്ങളിലായാണ് മൽസരം സംഘടിപ്പിക്കുന്നത്.
E. രണ്ട് വിഭാഗങ്ങളിലും ഒരു വിദ്യാർത്ഥിക്ക് പങ്കെടുക്കാവുന്നതാണ്.

| കാരിക്കേച്ചർ, പെയിന്റിംഗ് മത്സരം | |
|---|---|
| വിഷയം- | കേരളത്തിലെ സ്വാതന്ത്ര്യ പോരാളികൾ |

1. മികച്ച രചനകൾ നടത്തുന്ന സംസ്ഥാന തലത്തിലെ ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസ് സമ്മാനിക്കും.
2. സൃഷ്ടികൾ അയക്കുന്നവരുടെ പേര്, പൂർണ്ണമായ മേൽ വിലാസം, കോളേജിന്റെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
3. സൃഷ്ടികൾ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം സമർപ്പിക്കേണ്ടതാണ്. അല്ലാത്തവ നിരസിക്കുന്നതാണ്.
4. കാരിക്കേച്ചർ, പെയിന്റിംഗ് വിഭാഗങ്ങളിൽ പെൻസിൽ ഡ്രോയിംഗ്,വാട്ടർ കളർ, ഓയിൽ പെയിന്റിംഗ്, ക്രയോൺസ് ഉപയോഗിച്ചും വരയ്ക്കാവുന്നതാണ്.
5. ചിത്ര രചനയ്ക്കായി എ4 ഷീറ്റ്, എ3 ഷീറ്റ്, ചാർട്ട് പേപ്പർ എന്നിവ ഉപയോഗിക്കാവുന്നതാണ്(വെള്ള നിറത്തിലുള്ള പ്രതലമായിരിക്കണം).
6. സൃഷ്ടികൾ അയയ്ക്കുന്ന കവറിന് പുറത്ത് "അസാദി കാ അമൃത് മഹോത്സവ്-കാരിക്കേച്ചർ/പെയിന്റിംഗ് മത്സരം" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

(മറുപുറം)

I/55884/2022

| പ്രബന്ധ രചനാ മത്സരം | |
|---|---|
| വിഷയം- | കേരള നവോത്ഥാനം-സ്വാതന്ത്ര്യസമര പശ്ചാത്തലത്തിൽ |

1. മികച്ച രചനകൾ നടത്തുന്ന സംസ്ഥാന തലത്തിലെ ഒന്നും, രണ്ടും, മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസ് സമ്മാനിക്കും.
2. പ്രബന്ധം അയക്കുന്നവരുടെ പേര്, പൂർണ്ണമായ മേൽ വിലാസം, കോളേജിന്റെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
3. പ്രബന്ധം സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം സമർപ്പിക്കേണ്ടതാണ്.
4. പ്രബന്ധം മലയാളത്തിലുള്ളതായിരിക്കണം.
5. എ4-സൈസ് പേപ്പറിൽ നാല് പേജ് കവിയാൻ പാടില്ല.
6. അയയ്ക്കുന്ന പ്രബന്ധങ്ങൾ പകർത്തിയെഴുതിയതോ, പ്രസിദ്ധീകരിച്ചതോ ആകരുത്.
7. എഴുതിയോ, മലയാളത്തിൽ ടൈപ്പ് ചെയ്തോ അയയ്ക്കാവുന്നതാണ്.
8. സൃഷ്ടികൾ അയയ്ക്കുന്ന കവറിന് പുറത്ത് "അസാദി കാ അമൃത് മഹോത്സവ്- പ്രബന്ധ രചനാ മത്സരം" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

സൃഷ്ടികൾ സ്വീകരിക്കുന്ന അവസാന തീയതി- 31.08.2022 വൈകുന്നേരം 5 മണി.

<u>അയയ്ക്കേണ്ട വിലാസം-</u>

ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്,
അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം
കവടിയാർ പി.ഒ, തിരുവനന്തപുരം-695003

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് * തിരുവനന്തപുരം-3 *

(ഒപ്പ്)
VINAY GOYAL
DIRECTOR

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്